ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24.04.2024**

## പ്രധാനവാർത്തകൾ

1. രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണത്തിന് സമാപനമായി. സംസ്ഥാനത്ത് കൊട്ടിക്കലാശം ആവേശകരമാക്കി മുന്നണികൾ. കേരളം മറ്റന്നാൾ പോളിങ്ങ് ബൂത്തിലേക്ക്.

2. വിജയപ്രതീക്ഷ പങ്കുവച്ച് രാഷ്ട്രീയ പാർട്ടികൾ. സംസ്ഥാനത്ത് നാളെ നിശബ്ദ പ്രചാരണം. തിരഞ്ഞെടുപ്പിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയായി.

3. ഇലക്ട്രോണിക് വോട്ടിങ്ങ് മെഷിനിലെ എല്ലാ വോട്ടുകളും വിവിപാറ്റുമായി ഒത്തുനോക്കണമെന്ന് ആവശ്യപ്പെടുന്ന ഹർജി സുപ്രീംകോടതി വിധി പറയാൻ മാറ്റി.

4. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. പാലക്കാട് ജില്ലയിൽ ഉഷ്ണതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

5. ഐപിഎല്ലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് , ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഐഎസ്എൽ സെമിയിൽ ഇന്ന് ഗോവ - മുംബൈ സിറ്റി പോരാട്ടം.

***********************************

## സംസ്ഥാനം തിരഞ്ഞെടുപ്പ്

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണത്തിന് സംസ്ഥാനത്ത് സമാപനമായി. ആവേശകരമായ കൊട്ടിക്കലാശത്തോടെയാണ് രാഷ്ട്രീയപാർട്ടികൾ ഒരുമാസത്തിലേറെ നീണ്ടുനിന്ന പ്രചാരണത്തിന് പരിസമാപ്തി കുറിച്ചത്. വീടുകൾ തോറും കയറിയിറങ്ങിയുള്ള നിശബ്ദ പ്രചാരണമായിരിക്കും നാളെ നടക്കുക. മറ്റന്നാൾ രാവിലെ ഏഴു മുതൽ വൈകുന്നേരം ആറ് വരെയാണ് വോട്ടെടുപ്പ്. ജൂൺ നാലിനാണ് ഫലപ്രഖ്യാപനം. 20 ലോക്സഭാ മണ്ഡലങ്ങളിലായി രണ്ട് കോടി 77 ലക്ഷത്തി 49,159 വോട്ടർമാരാണ് സംസ്ഥാനത്ത് സമ്മതിദാനാവകാശം വിനിയോഗിക്കുക. ഇതിൽ 5 ലക്ഷത്തി 34,394 പേർ കന്നി വോട്ടർമാരാണ്. 194 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. വോട്ടെടുപ്പിനായി 25,229 പോളിങ്ങ് ബൂത്തുകൾ സജ്ജീകരിച്ചിട്ടുണ്ട്. വെയിലും മഴയുമേൽക്കാതെ ക്യൂ നിൽക്കുന്നതിനുള്ള സംവിധാനവും കുടിവെള്ളം, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ബൂത്തുകളിൽ ഒരുക്കിയിട്ടുണ്ട്. വോട്ടർ ഐഡി കാർഡുകൾ കൈവശമില്ലാത്തവർക്ക് ആധാർ, ഡ്രൈവിങ്ങ് ലൈസൻസ്, പാൻകാർഡ് ഉൾപ്പെടെ ഫോട്ടോ പതിച്ച മറ്റ് 12 അംഗീകൃത തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് ചെയ്യാവുന്നതാണ്. വോട്ടെടുപ്പ് ദിവസമായ 26 ന് സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. പോളിങ്ങ് സാധനങ്ങളുടെ വിതരണം നാളെ നടക്കും.

RNUTVPM

**************************************

## കൊട്ടിക്കലാശം

തിരഞ്ഞെടുപ്പ് പോരാട്ടത്തിൻറെ ആവേശപ്പൊലിമയിൽ സംസ്ഥാനത്ത് ഇന്ന് കൊട്ടിക്കലാശം നടന്നു. 20 ലോക്സഭാ

മണ്ഡലങ്ങളിലെയും വിവിധ കേന്ദ്രങ്ങളിൽ സ്ഥാനാർത്ഥികളും, പാർട്ടി പ്രവർത്തകരും വാദ്യഘോഷങ്ങളുടെ അകമ്പടിയോടെയാണ് കൊട്ടിക്കലാശത്തിന് എത്തിയത്. വർണക്കടലാസുകളും, കൊടിതോരണങ്ങളും, ബലൂണുകളും സമാപനച്ചടങ്ങിന് വർണ്ണാഭയേകി. റോഡ്ഷോയുടെ അകമ്പടിയോടെ കൊട്ടിക്കലാശത്തിനെത്തിയ സ്ഥാനാർത്ഥികൾ അണികൾക്ക് ആത്മവിശ്വാസം പകർന്നു. മലപ്പുറം കുന്നുമ്മലിൽ കൊട്ടിക്കലാശത്തിനിടെ എൽഡിഎഫ്-യുഡിഎഫ് പ്രവർത്തകർക്കിടയിൽ നേരിയ സംഘർഷം ഉണ്ടായെങ്കിലും, പോലീസ് ഇടപെട്ട് രംഗം ശാന്തമാക്കി.

*************************************

## നിശബ്ദ പ്രചാരണം

ലോക്സഭാ തിരഞ്ഞെടുപ്പിനായി നിശബ്ദ പ്രചാരണം മാത്രം അനുവദിച്ചിട്ടുള്ള അടുത്ത 48 മണിക്കൂറിൽ ഉച്ചഭാഷിണികളുടെ ഉപയോഗം, ജാഥ, പ്രകടനങ്ങൾ തുടങ്ങിയവ പാടില്ല. നിയമവിരുദ്ധമായി ആളുകൾ കൂട്ടം ചേരുകയോ പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയോ ചെയ്താൽ നടപടി സ്വീകരിക്കും. വോട്ടെടുപ്പ് പൂർത്തിയാകുന്നത് വരെയുള്ള 48 മണിക്കൂർ മദ്യവിതരണത്തിനും വിൽപനക്കും നിരോധനം ഏർപ്പെടുത്തിക്കൊണ്ട് ഡ്രൈ ഡേ പ്രഖ്യാപിച്ചിട്ടുണ്ട്. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള പൊലീസിന്റെയും എൻഫോഴ്സ്മെന്റ് ഏജൻസികളുടെയും കർശന പരിശോധന തുടരും. കേരളമുൾപ്പെടെ 13 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് മറ്റന്നാൾ വോട്ടെടുപ്പ് നടക്കുന്നത്.

*************************************

RNU TVPM

## അമിത് ഷാ - ആലപ്പുഴ

പരസ്യപ്രചാരണത്തിൻറെ സമാപനദിനമായ ഇന്ന് ദേശീയ നേതാക്കൾ ഉൾപ്പെടെ സംസ്ഥാനത്ത് പ്രചാരണം നടത്തി. കേന്ദ്ര അഭ്യന്തര മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ആലപ്പുഴയിൽ എൻഡിഎ പ്രചാരണയോഗത്തെ അഭിസംബോധന ചെയ്തു. കോൺഗ്രസ് കമ്യൂണിസ്റ്റ് പാർട്ടികൾ ജനങ്ങളെ കബളിപ്പിക്കുന്നതായി ആരോപിച്ച അദ്ദേഹം ഇരു കൂട്ടരും പോപ്പുലർ ഫ്രണ്ടിനെ സഹായിക്കുന്നതായും ആരോപണമുയർത്തി. കയർ മേഖലക്കായി എൻഡിഎ സ്പെഷ്യൽ പാക്കേജ് നടപ്പാക്കുമെന്ന വാഗ്ദാനവും അദ്ദേഹം മുന്നോട്ടുവച്ചു.

***********************************

RNU TVPM

## പ്രിയങ്ക ഗാന്ധി - വയനാട്

എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി ഇന്ന് വയനാട് മണ്ഡലത്തിൽ പ്രചാരണം നടത്തി. ബിജെപിയ്ക്കെതിരെ രൂക്ഷവിമർശനം ഉന്നയിച്ച അവർ ഭരണഘടന മാറ്റിയെഴുതി ജനാധിപത്യത്തെ ഇല്ലാതാക്കാൻ ബിജെപി ശ്രമിക്കുന്നതായും ആരോപിച്ചു. കമ്പളക്കാട് ടൗണിൽ റോഡ് ഷോ നടത്തിയ ശേഷമാണ് പ്രിയങ്കാഗാന്ധി പൊതുസമ്മേളനത്തിനെത്തിയത്. വയനാട് മാനന്തവാടിയിൽ നടന്ന എൻഡിഎ പ്രചാരണ റാലിയിലും, റോഡ്ഷോയിലും ബിജെപി തമിഴ്നാട് അധ്യക്ഷൻ അണ്ണാമലൈ പങ്കെടുത്തു.

***********************************

## വിജയപ്രതീക്ഷ

സംസ്ഥാനത്ത് വോട്ടെടുപ്പ് അടുക്കുമ്പോൾ വിജയപ്രതീക്ഷ പങ്കുവച്ച് മുന്നണി നേതാക്കൾ. കേരളത്തിൽ യുഡിഎഫ് ഇരുപതിൽ 20 സീറ്റും ജയിക്കുമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. കോൺഗ്രസ് നൽകുന്ന വാഗ്ദാനങ്ങൾ എല്ലാം നടപ്പാക്കുമെന്ന് ഉറപ്പുള്ളവയാണെന്നും കോൺഗ്രസ് അധ്യക്ഷൻ തിരുവനന്തപുരത്തെ കെപിസിസി ആസ്ഥാനത്ത് വ്യക്തമാക്കി. ഈ തിരഞ്ഞെടുപ്പിൽ എൽ ഡി എഫ് പുതു ചരിത്രം രചിക്കുമെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 20 മണ്ഡലങ്ങളിലും വിജയ പ്രതീക്ഷയോടെ പ്രവർത്തിക്കാൻ എൽ ഡി എഫിന് സാധിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. വികസനത്തിലും ജനക്ഷേമത്തിലും അധിഷ്ഠിതമായ മോദിയുടെ രാഷ്ട്രീയം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുമെന്ന് മുതിർന്ന ബിജെപി നേതാവ് പി.കെ കൃഷ്ണദാസ് പ്രതീക്ഷ പങ്കുവച്ചു. എൻ.ഡിഎ സംസ്ഥാനത്ത് അട്ടിമറിവിജയം നേടുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

PRD TVPM

**************************************

## തിരഞ്ഞെടുപ്പ് - സുരക്ഷാ ക്രമീകരണങ്ങൾ

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയായി. 41,976 സുരക്ഷാ ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിച്ചിരിക്കുന്നത്. ഓരോ പോലീസ് സ്റ്റേഷനിലും രണ്ടു വീതം പട്രോളിംഗ് ടീമുകൾ ഉണ്ടായിരിക്കും. മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിലും പ്രശ്നബാധിത പോളിംഗ്

സ്റ്റേഷനുകളിലും കേന്ദ്രസേനയെ ഉൾപ്പെടെ വിന്യസിച്ചിട്ടുണ്ട്.

**************************************

## വിവിപാറ്റ് - സുപ്രീം കോടതി

ഇലക്ട്രോണിക് വോട്ടിങ്ങ് മെഷിനീൽ രേഖപ്പെടുത്തുന്ന എല്ലാ വോട്ടുകളും വിവിപാറ്റ് സ്ലിപ്പുകളുമായി ഒത്തുനോക്കണമെന്ന്ആവശ്യപ്പെടുന്ന ഹർജി സുപ്രീം കോടതി വിധി പറയാൻ മാറ്റി. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും, ദീപാങ്കർ ദത്തയും ഉൾപ്പെട്ട ബഞ്ചാണ് കേസ് പരിഗണിച്ചത്. ഇലക്ട്രോണിക് വോട്ടിങ്ങ് യന്ത്രങ്ങളില് കൃത്രിമത്തിന് ഒട്ടുംതന്നെ സാധ്യതയില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ കോടതിയിൽ വ്യക്തമാക്കി. പേപ്പർ ബാലറ്റിലേക്ക് തിരിച്ചു പോകുന്നതിനോട് വിയോജിച്ച സുപ്രീം കോടതി നിലവിലെ സംവിധാനം ശക്തിപ്പെടുത്താനാണ് ശ്രമിക്കുന്നതെന്ന് അറിയിച്ചു. വിവിപാറ്റ് സ്ലിപ്പുകൾ പൂർണമായും എണ്ണിത്തിട്ടപ്പെടുത്തുക പ്രായോഗികമായി അസാധ്യമാണെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷൻറെ നിലപാട്.

RNU TVPM

**************************************

## ലോക മലേറിയാ ദിനം - ആരോഗ്യ മന്ത്രി

നാളെ ലോക മലേറിയാ ദിനം. മലേറിയ അഥവാ മലമ്പനി എത്രയും വേഗം കണ്ടെത്തി ചികിത്സ തേടേണ്ടതാണെന്നും, ഇതിന് കൃത്യമായ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും ആരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണെന്നും ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്ത് ഇടവിട്ട് മഴയുള്ളതിനാൽ മലമ്പനി ഉൾപ്പെടെയുള്ള

കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും മന്ത്രി ഓർമപ്പെടുത്തി.

************************************

## കാലാവസ്ഥ - സംസ്ഥാനം

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. പാലക്കാട് ജില്ലയിൽ വെള്ളിയാഴ്ച വരെ ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ജില്ലയിൽ താപനില 41 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്നാണ് മുന്നറിയിപ്പ്. കൊല്ലം ജില്ലയിൽ താപനില 39°C വരെയും, തൃശൂർ, കോഴിക്കോട് ജില്ലകളിൽ 38°C വരെയും ഉയരാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

PNU TVPM

************************************

## ശക്തമായ മഴ - പത്തനംതിട്ട - പരിക്ക്

പത്തനംതിട്ട നിലയ്ക്കൽ അത്തോട്ടിൽ ശക്തമായ വേനൽമഴയിലും കാറ്റിലും മരം ഒടിഞ്ഞ് വീണ് ഒരാൾക്ക് പരിക്ക്. കുന്നേൽ വീട്ടിൽ ആശയ്ക്കാണ് പരിക്കേറ്റത്. കൂടാതെ പടിഞ്ഞാറേക്കര ആദിവാസി കോളനിയിലെ 22 വീടുകൾക്കും കേടുപാട് പറ്റിയിട്ടുണ്ട്.

************************************

## ഐ.പി.എൽ

ഐപിഎല്ലിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് , ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. രാത്രി 7.30-ന് ഡൽഹിയിലെ

അരുൺ ജയ്റ്റ്‌ലി സ്റ്റേഡിയത്തിലാണ് മത്സരം. പോയിൻറ് പട്ടികയിൽ ഗുജറാത്ത് ആറാമതും, ഡൽഹി എട്ടാമതുമാണ്.

************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ, സെമി ഫൈനൽ ആദ്യപാദ മത്സരത്തിൽ ഇന്ന് ഗോവ - മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30ന് ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

************************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 114 പോയിൻറ് നേട്ടത്തിൽ 73,853 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 34 പോയിൻറ് ഉയർന്ന് 22,402 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർധന. പവന് 360 രൂപ കൂടി 53,280 രൂപയും ഗ്രാമിന് 6,660 രൂപയുമാണ് ഇന്നത്തെ വില. കഴിഞ്ഞ ദിവസങ്ങളിൽ സ്വർണ്ണ വിലയിൽ നേരിയ കുറവ് രേഖപ്പെടുത്തിയിരുന്നെങ്കിലും ഇന്ന് വീണ്ടും വില ഉയരുകയായിരുന്നു.

RJU TVPM

******************************************************

************************************

**********************